(ബി) തീരദേശ റോഡുകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നില്ല.

തീര വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി മാറ്റിത്താമസിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾ

175 (6093) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തീരവനവല്ക്കരണ പദ്ധതിയുടെ ഭാഗമായി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവരും ; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

മത്സ്യകേരളം പദ്ധതി

176 (6094) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മത്സ്യകേരളം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) മത്സ്യകേരളം പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു ; പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിച്ചോ ; ഇല്ലെങ്കിൽ കാരണമെന്ത് ; ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ 38 പഞ്ചായത്തുകളിലും ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിലും മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആലത്തൂർ ബ്ലോക്കിലെ തരൂർ, ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, വണ്ടാഴി, വടക്കാഞ്ചേരി പഞ്ചായത്തുകൾ, കുഴൽമന്ദം ബ്ലോക്കിലെ കുഴൽമന്ദം, തേൻകുറുശ്ശി, മാത്തൂർ, കുത്തനൂർ, കണ്ണാടി പഞ്ചായത്തുകൾ, മലമ്പുഴ ബ്ലോക്കിലെ മരുത റോഡ്, പുതുശ്ശേരി, എലപ്പുള്ളി, പുതുപ്പരിയാരം, അകത്തേത്തറ, പെരുവമ്പ് പഞ്ചായത്തുകൾ, ചിറ്റൂർ ബ്ലോക്കിലെ എരുത്തേമ്പതി, പട്ടഞ്ചേരി, നല്ലേപ്പള്ളി പഞ്ചായത്തുകൾ, പാലക്കാട് ബ്ലോക്കിലെ പറളി,

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടൂർ, കൊടുമ്പ്, മങ്കര പഞ്ചായത്തുകൾ, ശ്രീകൃഷ്ണപുരം ബ്ലോക്കിലെ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം പഞ്ചായത്തുകൾ, നെന്മാറ ബ്ലോക്കിലെ പല്ലശ്ശന, അലിയൂർ, എലവഞ്ചേരി, നെന്മാറ പഞ്ചായത്തുകൾ, കൊല്ലങ്കോട് ബ്ലോക്കിലെ കൊല്ലങ്കോട്, മുതലമട, വടവന്നൂർ, കൊടുവായൂർ, പുതുനഗരം പഞ്ചായത്തുകൾ; മണ്ണാർക്കാട് ബ്ലോക്കിലെ അലനല്ലൂർ പഞ്ചായത്ത്, തൃത്താലബ്ലോക്കിലെ തൃത്താല പഞ്ചായത്ത്, ഒറ്റപ്പാലം ബ്ലോക്കിലെ അനങ്ങനാടി പഞ്ചായത്ത് എന്നിവയാണ് മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലും അനങ്ങനടി പഞ്ചായത്തിലുമായി 2009-10 വർഷത്തിൽ 31.90 ഏക്കറിൽ മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിലെ 24 മത്സ്യകർഷകർക്കും അങ്ങനടി പഞ്ചായത്തിലെ 47 ഗ്രാമീണ മത്സ്യകർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. വിളവെടുപ്പ് പൂർത്തിയായിട്ടില്ല. ഒന്നാംഘട്ട വിളവെടുപ്പിൽ ഏക്കറൊന്നിന് 1200-1250 കി.ഗ്രാം നിരക്കിൽ മത്സ്യം ലഭ്യമായി. 2010-11 വർഷത്തിലും ഇതേ സ്ഥലങ്ങളിൽ തന്നെ മത്സ്യകൃഷി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ മത്സ്യോല്പാദനം 0.75 ടൺ എന്ന നിലയിൽ നിന്നും 2 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുക എന്നതാണ് മത്സ്യകേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ കാലാവധി മൂന്ന് വർഷമാണ്. രണ്ട് വർഷം പിന്നിട്ടപ്പോഴേയ്ക്കും മത്സ്യോല്പാദനം 1.26 ലക്ഷം ടണ്ണാക്കി ഉയർത്താൻ കഴിഞ്ഞു. പദ്ധതി കാലാവധി കഴിയുമ്പോൾ ലക്ഷ്യത്തിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യകർഷകർക്ക് സൗജന്യമായി മത്സ്യവിത്ത്, തീറ്റ എന്നിവ വിതരണം ചെയ്യുക, മത്സ്യ ചെമ്മീൻ കൃഷിക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തൽ, കർഷകർക്കാവശ്യമായ പരിശീലനം നൽകൽ, കർഷകർക്ക് മത്സ്യകൃഷിയിൽ പരിജ്ഞാനത്തിനായി കൈപ്പുസ്തകങ്ങൾ നൽകൽ, രോഗ നിർണ്ണയവും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കൽ, വിപണന സൗകര്യം ഏർപ്പെടുത്തൽ, മികച്ച കർഷകർക്ക് അവാർഡ് നൽകി ആദരിക്കുക, മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുക എന്നിവ മത്സ്യകേരളം പദ്ധതിയിലൂടെ നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്

അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതിമൂലമുള്ള വരുമാനം

177 (6095) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളാ അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് കമ്പനി വിദേശങ്ങളിലേക്കു അലങ്കാര മത്സ്യങ്ങളെ കയറ്റി അയച്ച വകയിൽ എത്ര തുക സംസ്ഥാന ഖജനാവിലേക്ക് എത്തിയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly